# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5583     06.07.2012-ൽ മറുപടിക്ക്

## മിനിമം വേതനം നൽകാത്ത സ്വകാര്യ ആശുപത്രികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. കെ. ദാസൻ<br>ശ്രീ. സി. കൃഷ്ണൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ജീവനക്കാർക്ക് മിനിമം വേതനം നൽകാത്ത സ്വകാര്യ ആശുപത്രി മാനേജ്മെൻറുകളെ കുറിച്ചുള്ള വിവരം ലഭ്യമാണോ; വിശദാംശം നൽകുമോ; | (എ) ലഭ്യമാണ്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ സ്ക്വാഡ് മുഖേന പരിശോധന നടത്തിയതിൽ 127 ആശുപത്രികളിൽ മിനിമം വേതനം നൽകാത്തതായി കണ്ടെത്തിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതൊക്കെ സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാരുടെ പ്രശ്നത്തിൽ തൊഴിൽ വകുപ്പ് ഇടപെട്ട് പ്രശ്ന പരിഹാരമുണ്ടാക്കി എന്നറിയിക്കുമോ; | (ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 324 ആശുപത്രികളിലെ നേഴ്സുമാരുടെ പ്രശ്നത്തിൽ തൊഴിൽ വകുപ്പ് ഇടപെട്ട് പ്രശ്ന പരിഹാരമുണ്ടാക്കിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) അന്യ സംസ്ഥാനത്ത് ജോലി ചെയ്യുന്ന നേഴ്സുമാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; അതത് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിച്ച കേസുകളുടെ വിശദാംശം അറിയിക്കുമോ? | (സി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതാത് സംസ്ഥാനങ്ങളിലെ ലേബർ കമ്മീഷണർക്കുമാത്രമേ ഇക്കാര്യത്തിൽ ഇടപെടാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ആഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**